## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്:-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സംവിധാനം-നിർവ്വഹണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി.)നം.417/2011/തസ്വഭവ തിരുവനന്തപുരം, തീയതി, 09/02/2011

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-1. സ.ഉ.(കൈ) നമ്പർ.305/2010/തസ്വഭവ, തീയതി: 21-12-2010.

2. 12-01-2011-ൽ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിലിന്റെ ഒന്നാമത് മീറ്റിങ്ങിന്റെ മിനിട്സ്.

3. സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 17-01-2011-ൽ കൂടിയ ആദ്യയോഗത്തിന്റെ മിനിറ്റ്സ്.

### ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള സംസ്ഥാന സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിച്ചുകൊണ്ടും ഡയറക്ടറുടെ ചുമതല സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർക്ക് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2-ഉം, 3-ഉം പ്രകാരം സംസ്ഥാനതല യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1). സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സെർച്ച് കമ്മിറ്റി പത്രക്കുറിപ്പിലൂടെ അപേക്ഷകൾ ക്ഷണിച്ചും അന്വേഷണങ്ങൾ നടത്തിയും സോഷ്യൽ ഓഡിറ്റും ജനകീയാസൂത്രണ പ്രവർത്തനങ്ങളും അടക്കമുള്ള പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ പങ്കെടുത്ത് മുൻപരിചയമുള്ളവരെ സോഷ്യൽ ഓഡിററ് സെല്ലിലേയ്ക്ക് തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ തെരഞ്ഞെടുക്കുന്നവർക്ക് പ്രതിദിനം 750/-രൂപ വെച്ച്, മാസാടിസ്ഥാനത്തിൽ പ്രൊഫഷണൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

(2). സോഷ്യൽ ഓഡിറ്റ് സെൽ സെറ്റ് അപ് ചെയ്യുന്നതിനായി സെറിഫെഡിന്റെ ഓഫീസിലെ 3 മുറികൾ ലഭ്യമാക്കുന്നതിനും ഓഫീസിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ, ടെലഫോൺ, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവ ഏർപ്പെടുത്തുവാൻ സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും താൽക്കാലികമായി 4 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും വാങ്ങി ലഭ്യമാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(3). സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ആദ്യഘട്ടമായി ഓരോ പഞ്ചായത്തുകളിൽ പരിശീലക പരിശീലനം നടത്തുന്നതിനുള്ള ചെലവിലേയ്ക്കാവശ്യമായ ഫണ്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില)-യുടെ ബി.ആർ.ജി.എഫ്. കപ്പാസിറ്റി ഡെവലപ്മെന്റിൽ നിന്നും വഹിക്കേണ്ടതാണ്.

(4). സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ പ്രവർത്തന ചെലവ് ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും വഹിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകുന്നു.

(5). സോഷ്യൽ ഓഡിറ്റ് സെല്ലിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമതല സോഷ്യൽ ഓഡിറ്റേഴ്സിന് അവരുടെ സേവനം ഉപയോഗപ്പെടുത്തുന്ന ദിവസങ്ങളിൽ എം.ജി.എൻ.ആർ.ഇ. ജി.എ. തൊഴിലാളികൾക്ക് നൽകുന്ന കൂലിക്ക് തുല്യമായ തുക (ഇപ്പോൾ 150 രൂപ) നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം. ഉണ്ണികൃഷ്ണൻ,
അഡിഷണൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.സെൽ, തിരുവനന്തപുരം.
3. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ/ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സെൽ, തിരുവനന്തപുരം.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. എല്ലാ ജില്ലാ പ്രോജക്റ്റ് ഡയറക്ടർ/ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
12. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.), കേരള, തിരുവനന്തപുരം.
13. ധനകാര്യ വകുപ്പ്.
14. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ